## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 167.

28.10.2019 ൽ
മറുപടിക്ക്

### തീരദേശ പോലീസ് സ്റ്റേഷനുകളിലെ ദിവസവേതന ജീവനക്കാർ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ. പ്രദീപ് കുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തീരദേശ പോലീസ് സ്റ്റേഷനുകളിലെ ബോട്ടുകളിൽ വിവിധ തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ; | (എ) | തീരദേശ പോലീസ് സ്റ്റേഷനുകളിലെ വിവിധ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ 58 പേർ ജോലി ചെയ്യുന്നുണ്ട്. |
| (ബി) ദിവസവേതനമല്ലാതെ ഇവർക്ക് മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾ സർക്കാർ നൽകുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഓണം ഉത്സവ ബത്ത നൽകി വരുന്നുണ്ട്. |
| (സി) അപകടകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യുന്ന ഇത്തരത്തിലുള്ള ജീവനക്കാർക്ക് സർക്കാരിൽ നിന്നും ഏതെങ്കിലും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ടോ ; | (സി) | കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലെ ബോട്ടുകൾക്ക് കോംപ്രിഹൻസീവ് ഇൻഷ്വറൻസ് ഉള്ളതിനാൽ ഈ ബോട്ടുകളിൽ ജോലി ചെയ്യുന്ന ബോട്ട് ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. |
| (ഡി) ഇല്ലെങ്കിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ എന്നറിയിക്കാമോ ? | (ഡി) | കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന എല്ലാതരം ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് ഒരു പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. അതിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ